ആന്തൂർ വ്യവസായ എസ്റ്റേറ്റിലെ വൻമരങ്ങൾ മുറിച്ചുകടത്തുന്നു

വ്യവസായ കേന്ദ്രം മാനേജർ മരം മുറി തടഞ്ഞു

ധർമ്മശാല: ആന്തൂർ വ്യവസായ എസ്റ്റേറ്റിൽ സ്ഥാപന നടത്തിപ്പിന്റെ മറവിൽ ലക്ഷങ്ങൾ വിലമതിക്കുന്ന വൻമരങ്ങൾ മുറിച്ചു കടത്താൻ നീക്കം. മാങ്ങാട്ടുപറമ്പ ദൂരദർശൻ കേന്ദ്രത്തിന് സമീപത്തെ വ്യവസായ സംരംഭത്തിന്റെ പരിസരത്തുണ്ടായിരുന്ന കൂറ്റൻ തേക്ക് മരം കഴിഞ്ഞ ദിവസം അനധികൃതമായി മുറിച്ചുമാറ്റി. ഇതേ പറമ്പിലെ മറ്റൊരു തേക്ക് മരം മുറിച്ചു കടത്തുന്നതിന് മുന്നോടിയായി ശിഖരങ്ങൾ മുഴുവൻ വെട്ടി മാറ്റി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ സമയോചിതമായ ഇടപെടലിനെ തുടർന്ന് തേക്ക് മുറിച്ചുവീഴ്ത്തുന്നത് തടഞ്ഞിരിക്കുകയാണ്.

മരാധിഷ്ഠിത വ്യവസായ സ്ഥാപനം നിലനിൽക്കുന്ന പറമ്പിലെ മരം തന്നെയാണ് മുറിച്ചുമാറ്റപ്പെട്ടത്. സർക്കാർ ലീസ് അടിസ്ഥാനത്തിൽ വ്യവസായ സംരംഭം തുടങ്ങാൻ ഭൂമി മാത്രം നിബന്ധനകളോടെ വിട്ടുനൽകിയ സ്ഥലത്തെ മരങ്ങളാണ് അധികൃതർ അറിയാതെ മുറിച്ചുകടത്തുന്നത്. മരം മുറിച്ചതിലൂടെ വ്യവസായ വകുപ്പിനുണ്ടായ നഷ്ടം ഈടാക്കാൻ സ്ഥാപന മേധാവിക്ക് നോട്ടീസ് നൽകാൻ വ്യവസായ കേന്ദ്രം ജനറൽ മാനേജർ തീരുമാനിച്ചിട്ടുണ്ട്. എതിർപ്പില്ലാത്ത പക്ഷം ഈ പ്രദേശത്തെ മറ്റ് പറമ്പുകളിലെ മരങ്ങളും ഓരോന്നായി മുറിച്ചു കടത്തുകയെന്ന ഗൂഢാലോചന ഇവിടെ ചിലർക്കുള്ളതായി അധികൃതർ തിരിച്ചറിഞ്ഞിട്ടുണ്ട്.

മുറിച്ചുമാറ്റാനായി ശിഖരങ്ങൾ വെട്ടിമാറ്റിയ തേക്കുമരം

ബീവറേജ് കോർപ്പറേഷന്റെ മദ്യശാല വന്നില്ല; ശ്രീകണ്ഠപുരത്ത് ബാർ തുറന്നു

ശ്രീകണ്ഠപുരം: സംസ്ഥാന പാതയോരത്താണെന്നതിന്റെ പേരിൽ അടച്ചുപൂട്ടിയ ശ്രീകണ്ഠപുരത്തെ ബാർ ഇടവേളക്ക് ശേഷം തുറന്നു. ഇന്നലെ വൈകുന്നേരത്തോടെയാണ് ബാർ തുറക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായത്. രാത്രിയോടെ തുറന്ന് മദ്യവിൽപ്പന ആരംഭിക്കുകയും ചെയ്തു. നേരത്തെ ശ്രീകണ്ഠപുരത്ത് ബീവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനശാലയുണ്ടായിരുന്നു. പിന്നീട് അത് മയ്യിൽ പാടിയോട്ടുചാലിലേക്ക് മാറ്റിയിരുന്നു. എന്നാൽ മയ്യിൽ മേഖലയിലെ കള്ള് വ്യവസായത്തെ ബാധിക്കുന്നുവെന്ന തിന്റെ പേരിൽ ഇത് ശ്രീകണ്ഠപുരത്തേക്ക് തന്നെ മാറ്റണമെന്ന ആവശ്യം ഉയർന്നിരുന്നു. സി.പി.എമ്മാണ് വിദേശമദ്യശാല ശ്രീകണ്ഠപുരത്തേക്ക് തന്നെ മാറ്റാൻ ഇടപെടൽ നടത്തിയത്. എന്നാൽ അത് വിജയിച്ചില്ല.

ഇസ്രായേൽ വിസ വാഗ്ദാനം ചെയ്ത് എട്ട് ലക്ഷം തട്ടിയെടുത്തതിന് കേസ്

ശ്രീകണ്ഠപുരം: ഇസ്രായേലിലേക്ക് ജോലി വിസ വാഗ്ദാനം ചെയ്ത് 8,06,000 രൂപ തട്ടിയെടുത്തതിന് പയ്യാവൂർ പോലീസ് കേസെടുത്തു. ചെറുപുഴ സ്വദേശി എരമംഗലത്ത് അലക്സിന്റെ ഭാര്യ മിനിമോൾ ജേക്കബിന്റെ പരാതിയിൽ പയ്യാവൂർ കണ്ടകശേരിയിലെ ദീപു കെ. ജോണിനെതിരെയാണ് കേസെടുത്തത്. സ്റ്റുഡിയോ നടത്തിപ്പുകാരനായ ദീപു ഒളിവിലാണ്.

2017 ജൂൺ 13 മുതൽ വിസക്ക് വേണ്ടി പല ഘട്ടങ്ങളിലായി ദീപുവിന് പണം നൽകിയത്രെ. എട്ട് ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് പണം നൽകിയത്. അതിന്റെ രേഖകൾ സഹിതമാണ് മിനിമോൾ പരാതി നൽകിയത്. വിസ നൽകാത്തതിനെ തുടർന്ന് പണം തിരിച്ചു ചോദിച്ചു വെങ്കിലും നൽകാൻ തയ്യാറായില്ല. ഇതേ തുടർന്നാണ് പരാതി നൽകിയത്. പയ്യാവൂർ എസ്.ഐ ജോൺസൺ പി.സക്കറിയയുടെ നേതൃത്വത്തിൽ അന്വേഷണം തുടങ്ങി.

രാജിക്കൊരുങ്ങിയിട്ടില്ലെന്ന് സി.പി.എം ബ്രാഞ്ച് സെക്രട്ടറിമാർ

തളിപ്പറമ്പ: കുറ്റേരി ലോക്കലിലെ പ്രശ്നങ്ങൾ കാരണം തങ്ങൾ രാജിക്കൊരുങ്ങിയെന്ന വാർത്ത രണ്ട് ബ്രാഞ്ച് സെക്രട്ടറിമാരും നിഷേധിച്ചു. കാർക്കീൽ ബ്രാഞ്ച് സെക്രട്ടറി വത്സൻ, വട്ടക്കൂൽ ബ്രാഞ്ച് സെക്രട്ടറി സുരേഷ് എന്നിവരാണ് നിഷേധിച്ചത്. വ്യക്തിപരമായ ചില അസൗകര്യങ്ങൾ പാർട്ടി നേതൃത്വത്തെ അറിയിച്ചിരുന്നതല്ലാതെ മറ്റ് പ്രശ്നങ്ങളൊന്നും വട്ടക്കൂലിൽ ഇല്ലെന്ന് ബ്രാഞ്ച് സെക്രട്ടറി സുരേഷ് പറഞ്ഞു. ചില അസൗകര്യങ്ങൾ കാരണം തുടരാൻ കഴിയില്ലെന്നാണ് നേതൃത്വത്തെ അറിയിച്ചതെന്നും വാർത്തയിൽ പരാമർശിക്കുന്നത് പോലെ ഉള്ള ഒരു പ്രശ്നങ്ങളും ഇവിടെയില്ലെന്നും ബ്രാഞ്ച് സെക്രട്ടറിമാർ അറിയിച്ചു.

കഞ്ചാവുമായി യുവാവ് പിടിയിൽ

പാപ്പിനിശേരി: പാപ്പിനിശേരി എക്സൈസ് ഇൻസ്പെക്ടർ എ.ഹേമന്ദ്കുമാറും സംഘവും നടത്തിയ പരിശോധനയിൽ 10 ഗ്രാം കഞ്ചാവുമായി യുവാവിനെ പിടികൂടി.

ചിറക്കലിലെ വി.മഹറൂഫിനെയാണ് (46) പാപ്പിനിശേരി ടൗണിൽ വെച്ച് പിടികൂടിയത്.

പരിയാരത്ത് പുകയില ഉൽപ്പന്നങ്ങൾ സഹിതം പിടിയിലായ പുളിമ്പറമ്പിലെ നൗഫൽ പോലീസുകാർക്കൊപ്പം

പോലീസിനെ കണ്ടയുടൻ പുകയില ഉൽപ്പന്നങ്ങൾ ഉപേക്ഷിച്ച് മുങ്ങിയ പുളിമ്പറമ്പുകാരൻ പിടിയിൽ

പരിയാരം: നിരവധി പുകയില ഉൽപ്പന്നങ്ങളുടെ വൻ ശേഖരം ഉപേക്ഷിച്ച് രക്ഷപ്പെട്ടയാളെ പോലീസ് അന്വേഷിച്ച് കണ്ടെത്തി അറസ്റ്റ് ചെയ്തു. തളിപ്പറമ്പ പുളിമ്പറമ്പിലെ ചുള്ളിയോടൻ പട്ടുവം വളപ്പിൽ നൗഫൽ (34) ആണ് പിടിയിലായത്.

എസ്ഐ വി.ആർ. വിനീഷിന്റെ നിർദേശപ്രകാരം എഎസ്ഐ സാംസണിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. പിലാത്തറ ബസ്സ്റ്റാന്റ് പരിസരത്ത് 2 ക്യാരി ബാഗുകളിലായി കടത്തിക്കൊണ്ടുപോവുകയായിരുന്ന നൂറ് കണക്കിന് പായ്ക്കറ്റ് പുകയില ഉൽപ്പന്നങ്ങൾ പോലീസിനെ കണ്ട് ഓടി രക്ഷപ്പെടുന്നതിനിടെ ഇയാൾ ഉപേക്ഷിക്കുകയായിരുന്നു. സി.സി.ടി.വി ക്യാമറ ദൃശ്യങ്ങൾ പരിശോധിച്ചാണ് പോലീസ് പ്രതിയെ കണ്ടെത്തിയത്. പുളിമ്പറമ്പിലെ കച്ചവടക്കാരനാണ് നൗഫൽ.

ചെനയന്നൂരിൽ അവിഹിതത്തിനെത്തിയ യുവാവിനെ നാട്ടുകാർ പിടിച്ചുകെട്ടി പോലീസിൽ ഏൽപ്പിച്ചു

തളിപ്പറമ്പ: കാഞ്ഞിരങ്ങാട് ചെനയന്നൂരിൽ പട്ടാപ്പകൽ അവിഹിതത്തിനെത്തിയ യുവാവിനെ നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. തലവിൽ സ്വദേശി ഹരിയാണ് പിടിയിലായത്. ചെനയന്നൂരിലെ സഹകരണ കോളേജിനടുത്ത കാലിപൊയിലിൽ ഇന്ന് രാവിലെ 11 മണിയോടെയായിരുന്നു സംഭവം. വിവാഹിതയും ഒരു കുട്ടിയുടെ മാതാവുമായ യുവതി താമസിക്കുന്ന വീട്ടിലാണ് യുവാവ് എത്തിയത്. യുവാവും വിവാഹിതനാണ്. സംശയം തോന്നിയതിനെ തുടർന്ന് അയൽവാസി നാട്ടുകാരെ വിവരം അറിയിക്കുകയായിരുന്നു. നാട്ടുകാരെത്തി വീടുവളഞ്ഞ് യുവാവിനെ പിടികൂടി കെട്ടിയിട്ടു. എ.എസ്.ഐ രമേശന്റെ നേതൃത്വത്തിലെത്തിയ പോലീസ് ഹരിയെ കസ്റ്റഡിയിലെടുത്തു. എറണാകുളത്ത് ഡ്രൈവറായി ജോലി ചെയ്തുവരികയാണത്രെ ഹരി.

സ്കൂൾ വിദ്യാർത്ഥികളെ ശല്യം ചെയ്ത 2 പൂവാലൻമാർ പിടിയിൽ

കുറുമാത്തൂർ: പെൺകുട്ടികളെ ശല്യം ചെയ്യുന്നത് പതിവാക്കിയ രണ്ട് കൗമാരക്കാരെ പോലീസ് കയ്യോടെ പിടികൂടി. കുറുമാത്തൂർ ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനികളെ മോട്ടോർബൈക്കിലെത്തി സ്ഥിരമായി ശല്യം ചെയ്ത വളക്കൈ മണക്കാട് സ്വദേശികളായ രണ്ട് പേരാണ് പോലീസ് പിടിയിലായത്. രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും സ്കൂൾ കവാടത്തിൽ എത്തി പെൺകുട്ടികളെ ശല്യം ചെയ്യുന്നത് അധ്യാപകർ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുകയായിരുന്നു. ഇന്നലെ എ.എസ്.ഐ: പുരുഷോത്തമന്റെ നേതൃത്വത്തിൽ പോലീസ് എത്തി ശല്യക്കാരെ കയ്യോടെ പിടികൂടുകയായിരുന്നു. ഇരുവർക്കുമെതിരെ കേസെടുത്ത പോലീസ് ഇനി ആവർത്തിക്കരുതെന്ന് മുന്നറിയിപ്പ് നൽകിയാണ് വിട്ടയച്ചത്.

ബാറിൽ അക്രമം; രണ്ടുപേർക്കെതിരെ കേസ്

പയ്യന്നൂർ: ബാറിൽ അതിക്രമിച്ചു കയറി ചെടിച്ചട്ടികൾ തകർക്കുകയും ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന മാനേജരുടെ പരാതിയിൽ രണ്ട് സി.ഐ.ടി.യു പ്രവർത്തകർക്കെതിരെ പയ്യന്നൂർ പോലീസ് കേസെടുത്തു. ഇന്നലെ വൈകുന്നേരം പയ്യന്നൂർ വൈശാഖ് ബാർ ആന്റ് ഇന്റർനാഷണൽ ഹോട്ടലിലാണ് അക്രമം. സി.ഐ.ടി.യു പ്രവർത്തകരായ നികേഷ്, ദിലീപ് എന്നിവർക്കെതിരെയാണ് കേസ്.

അന്യായമായി പിരിച്ചുവിട്ട ബാർ ജീവനക്കാരനെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് സി.ഐ.ടി.യുവിന്റെ നേതൃത്വത്തിൽ ബാറിന് മുന്നിൽ കഴിഞ്ഞ ഒരാഴ്ചയിലധികമായി സത്യാഗ്രഹ സമരം നടന്നുവരികയാണ്. സമരത്തിന് പിന്തുണയുമായി ഇന്നലെ തൊഴിലാളികളുടെ പ്രകടനവും പൊതുയോഗവും നടന്നിരുന്നു. ഇതിനിടയിലാണ് രണ്ടംഗ സംഘം അക്രമം നടത്തിയതെന്നും 20,000 രൂപയുടെ നഷ്ടം സംഭവിച്ചുവെന്നും കാണിച്ച് ബാർ മാനേജർ പയ്യന്നൂർ പോലീസിൽ പരാതി നൽകിയത്.

മാതാപിതാക്കൾ മീൻ പിടിക്കാൻ പോയി

ആലക്കോട് ടൗണിൽ ഒറ്റപ്പെട്ടു പോയ നാടോടി ബാലികക്ക് പോലീസിന്റെ സ്നേഹ തണൽ

ആലക്കോട്: ഉറ്റവർ ആരുമില്ലാതെ ടൗണിൽ ഒറ്റപ്പെട്ടു പോയ നാടോടി ബാലികക്ക് നാട്ടുകാരും പോലീസും തുണയായി. കർണ്ണാടക ഹുൻസൂരിലെ ഹരികുമാർ-ചിങ്കു ദമ്പതികളുടെ മകൾ ലതയാണ് (എട്ട്) ആലക്കോടിന്റെ സ്നേഹ വാത്സല്യം ആവോളം നുകർന്നത്. ആലക്കോട് ബസ്സ്റ്റാന്റ് പരിസരത്ത് തമ്പടിച്ച് നാടെങ്ങും ചുറ്റി മീൻ പിടിച്ച് ഉപജീവനം കഴിക്കുന്ന നാടോടി സംഘത്തിൽപ്പെട്ടവരാണ് ഹരികുമാറും ചിങ്കുവും. ഹുൻസൂരിലെ സ്കൂളിൽ മൂന്നാം ക്ലാസ് വിദ്യാർത്ഥിനിയാണ് ലത. ദസറ അവധിയായതിനാലാണ് കഴിഞ്ഞ ദിവസം മാതാപിതാക്കൾക്കൊപ്പം കുട്ടി ആലക്കോടെത്തിയത്. ഇന്നലെ രാവിലെ സംഘത്തിലെ ബന്ധുക്കളെ ലതയുടെ ചുമതലയേൽപ്പിച്ച് മാതാപിതാക്കൾ മീൻപിടിക്കുന്നതിനായി നീലേശ്വരത്തേക്ക് പോയി. കൂടെയുണ്ടായിരുന്ന വല്യമ്മ മറ്റൊരു കുട്ടിയെയും കൊണ്ട് തളിപ്പറമ്പ് ഗവ. ആശുപത്രിയിലേക്കും പോയി. രാവിലെ പത്തരയോടെ ബന്ധുവായ ശിവാജി കുട്ടിയെ ടൗണിലെ ബസ്സ്റ്റോപ്പിൽ നിർത്തി ചായ കുടിക്കാൻ പോയി. ഒറ്റപ്പെട്ടു പോയ പെൺകുട്ടി ഇവിടെയിരുന്ന് കരയാൻ തുടങ്ങി. സംഭവം ശ്രദ്ധയിൽപ്പെട്ട പരിസരത്തെ വ്യാപാരികളും നാട്ടുകാരും പോലീസിൽ വിവരമറിയിച്ചു. പോലീസ് സ്ഥലത്തെത്തി കുട്ടിയെ സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ടുപോയി. തൊട്ടുപിന്നാലെ ശിവാജിയും സ്റ്റേഷനിലെത്തി. മാതാപിതാക്കളെ കാണാതെ വന്നതിനാൽ സ്റ്റേഷനിലെത്തിയിട്ടും ലത കരച്ചിൽ തുടർന്നു. വനിതാ പോലീസ് ഉൾപ്പെടെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചെങ്കിലും കുട്ടി കരച്ചിൽ നിർത്തിയില്ല. ഭക്ഷണം കഴിക്കാനും തയ്യാറായില്ല. ഇതിനിടെ പോലീസ് തളിപ്പറമ്പ് ആശുപത്രിയുമായി ബന്ധപ്പെട്ട് കുട്ടിയുടെ ബന്ധുക്കളോട് ആശുപത്രിയിൽ നിന്ന് എത്രയും വേഗത്തിൽ ആലക്കോടെത്താൻ നിർദേശിച്ചു. പിന്നീട് പോലീസ് തന്നെ ലതയെ ആലക്കോട് ബസ്സ്റ്റാന്റ് പരിസരത്തുള്ള ബന്ധുക്കളുടെ അടുത്ത് സുരക്ഷിതമായി എത്തിച്ചു. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ച് സ്റ്റേഷനിലെത്തിയ ബാലികക്ക് പോലീസുകാർ ചേർന്ന് പുത്തൻ വസ്ത്രങ്ങൾ വാങ്ങി നൽകിയാണ് ബന്ധുക്കളുടെ പക്കൽ തിരികെയെത്തിച്ചത്.

ആലക്കോട് ടൗണിൽ ഒറ്റപ്പെട്ടുപോയ നാടോടി ബാലിക ലത പുത്തൻ വസ്ത്രം അണിഞ്ഞ് പോലീസുകാർക്കൊപ്പം

മൂന്ന് പേർക്ക് പേപ്പട്ടിയുടെ കടിയേറ്റു

ആലക്കോട്: തിമിരി തട്ടിൽ പേപ്പട്ടിയുടെ ആക്രമണത്തിൽ മൂന്ന് പേർക്ക് പരിക്കേറ്റു. പരിക്കേറ്റ കർഷക തൊഴിലാളികളായ പലേരി ബാലൻ (57), നെടിയേരി രാജൻ (48) എന്നിവരെ ജില്ലാശുപത്രിയിലും കുട്ടമത്ത് പുഷ്പയെ (52) കോഴിക്കോട് മെഡിക്കൽ കോളേജിലും പ്രവേശിപ്പിച്ചു. കഴിഞ്ഞ ദിവസം വൈകുന്നേരമാണ് സംഭവം.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2,910
പവന് :23,280
വവ്വിക്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

...പരപ്പ ക്വാറി കർമ്മസമിതിയുടെ പ്രതിഷേധം

(ഒന്നാം പേജിൽ നിന്ന്) സ്വാധീനത്തിന് വഴങ്ങി പ്രകൃതി ദുരന്തങ്ങൾ മറച്ചുവെച്ച് ഹൈക്കോടതി ഉത്തരവുകൾ നടപ്പിലാക്കാതെ ക്വാറി ഉടമകളെ സഹായിക്കുകയാണ് ഉദ്യോഗസ്ഥർ ചെയ്യുന്നതെന്നും സമിതി പ്രവർത്തകർ ആരോപിച്ചു. 2018 ജൂൺ 19ലെ ഹൈക്കോടതി ഉത്തരവ് ലംഘിച്ചു പ്രദേശത്ത് ക്വാറികൾ പ്രവർത്തനം തുടരുകയാണ്. ക്വാറി ഉടമകൾ മൈനിംഗ് നടത്തുന്നത് സർക്കാർ മിച്ചഭൂമിയിലാണ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പ്രദേശം സന്ദർശിച്ച് ആവശ്യമായ അന്വേഷണം നടത്തണമെന്നും സമിതി പ്രവർത്തകർ ആവശ്യപ്പെട്ടു.താലൂക്ക് വികസന സമിതി യോഗത്തിൽ നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളം അധ്യക്ഷത വഹിച്ചു. തഹസിൽദാർ എം. മുരളി, ആന്തൂർ നഗരസഭ ചെയർപേഴ്സൺ പി. കെ. ശ്യാള ടീച്ചർ, പഞ്ചായത്ത് പ്രസിഡണ്ടുമാരായ ഐ.വി. നാരായണൻ, എ. രാജേഷ്, എം. മൈമൂനത്ത് സംബന്ധിച്ചു.

ഓട്ടോ ഡ്രൈവറെ അക്രമിച്ച കേസിലെ പ്രതി അറസ്റ്റിൽ

ആലക്കോട്: കരുവഞ്ചാൽ ടൗണിലെ ഓട്ടോ ഡ്രൈവർ കണിപ്പറമ്പിൽ കെ.എസ്.ജയദേവിനെ (30) അക്രമിച്ച കേസിലെ പ്രതിയായ നെടുവോട് സ്വദേശി ഇ.സി.ബഷീറിനെ (35) ആലക്കോട് എസ്.ഐ കെ.പ്രഭാകരൻ അറസ്റ്റ് ചെയ്തു. കഴിഞ്ഞ ദിവസം രാത്രി കരുവഞ്ചാൽ ടൗണിൽ വെച്ചാണ് ജയദേവിനെ അക്രമിച്ചത്.

സ്വർണ്ണാഭരണം വീണുകിട്ടി

ആലക്കോട്: ആലക്കോട് ടൗണിൽ നിന്ന് വീണുകിട്ടിയ സ്വർണ്ണാഭരണം പോലീസിൽ ഏൽപ്പിച്ച് വിദ്യാർത്ഥികളായ പരപ്പയിലെ നിയാസ്, മുഹമ്മദ് ഷാബീർ എന്നിവർ സത്യസന്ധത തെളിയിച്ചു. കഴിഞ്ഞ ദിവസമാണ് ആഭരണം വീണുകിട്ടിയത്. നഷ്ടപ്പെട്ടവർ തെളിവ് സഹിതം പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടണമെന്ന് എസ്.ഐ അറിയിച്ചു.

AWI
wooden frames
34 YEARS OF EXPERIENCE
ടെൻഷൻ ഒഴിവാക്കൂ..!!
READYMADE
ജനൽ
ഗ്രിൽസ് ആശാരിക്കൂലി ഉൾപ്പെടെ | ആഞ്ഞിലി പ്ലാവ് | വിദേശ വീട്ടി | വിദേശ ഇരുൾ
കട്ടിള 3950 4500 5590 മുതൽ
3 പാളി ജനൽ 9500 10850 12350 മുതൽ
2 പാളി ജനൽ 6650 7700 8700 മുതൽ
തടിമരം വാങ്ങുന്ന മുടക്ക് വേണ്ട ഗ്രിൽസ് അടക്കം റെഡിമെയ്ഡ് കട്ടിള, ജനലുകൾ സ്വന്തമാക്കാൻ
ആയിഷ വുഡ്
IMPORTS & EXPORTS
N.H. പിലാത്തറ, പയ്യന്നൂർ
N.H. ഏഴാംമൈൽ, തളിപ്പറമ്പ
N.H. ഐങ്ങോത്ത്, കാഞ്ഞങ്ങാട്
9847808929
e-mail: ayshawoodstrading@rocketmail.com
ayshawoods web: www.ayshawoods.com
C1805-374137

ചരമം

അബ്ദുൾകലാം

ബക്കളം: പുന്നക്കുളങ്ങരയിലെ കോമത്ത് അബ്ദുൾകലാം (63) നിര്യാതനായി. മാങ്കടവ് സ്വദേശിയാണ്. ഭാര്യ: ചെറിയാണ്ടിലകത്ത് ആമിന. മക്കൾ: റളീന, റഫീന, സാദിഖ്, അയ്യൂബ്. മരുമക്കൾ: ബഷീർ (പയ്യന്നൂർ), പരേതനായ നൗഷാദ് (കണ്ണൂർ). സഹോദരങ്ങൾ: മമ്മു (മാങ്കടവ്), അബ്ദുൾകരീം (തളിപ്പറമ്പ), സമദ് (പഴയങ്ങാടി), മുത്തലിബ് (പഴയങ്ങാടി), കുഞ്ഞുമറിയം (പഴഞ്ചിറ), റൈഹാനത്ത് (കാനൂൽ). പിതാവ്: പരേതനായ സി.എച്ച്. ഇബ്രാഹിം. മാതാവ്: സാറുമ്മ.

വിനോദ്

തളിപ്പറമ്പ: പാലകുളങ്ങര ധർമ്മശാസ്ത ക്ഷേത്രത്തിന് സമീപം 'ഗോവിന്ദ'ത്തിൽ എസ്. പി.വിനോദ് (ഉണ്ട വിനു-58) നിര്യാതനായി. പരേതനായ ഉണ്ട ഗോവിന്ദൻ-കമല ദമ്പതികളുടെ മകനാണ്. ഭാര്യ: വത്സല (പിലാത്തറ). മക്കൾ: സോഹിൽ (നാഷണൽ ഇലക്ട്രോണിക്സ്), ഗോകുൽ (വിദ്യാർത്ഥി). സഹോദരങ്ങൾ: സുരേന്ദ്രൻ (ബാബു), വിമല, അനിത, അരുണ, പരേതനായ പ്രശാന്ത്.

ബോബൻ

ആലക്കോട്: കനകക്കുന്നിലെ കിഴക്കേ കളത്തിൽ ബോബൻ (39) നിര്യാതനായി. പരേതനായ ജോൺ-അച്ചാമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ: സോണിയ. മക്കൾ: അലീന, അനീറ്റ. അമൽ. സഹോദരങ്ങൾ: ബെന്നി, ബോസ്, മോളി, ബിൻസ്.



കുഞ്ഞിക്കണ്ണൻ നമ്പ്യാർ

പരിയാരം: പാച്ചേനിയിലെ തവറൂൽ പുതിയടത്ത് കുഞ്ഞിക്കണ്ണൻ നമ്പ്യാർ (76) നിര്യാതനായി. വിമുക്തഭടനാണ്. എസ്.ബി.ഐ തളിപ്പറമ്പ ശാഖയിൽ ദീർഘകാലം സെക്യൂരിറ്റി ജീവനക്കാരനായിരുന്നു. ഭാര്യ: ജാനകി. മക്കൾ: അനീഷ്, പരേതയായ ബേബി അനിത. മരുമക്കൾ: നാരായണൻ (കുറുമാത്തൂർ), ധന്യ (പരിയാരം). സംസ്കാരം ഇന്ന് വൈകിട്ട് നാലിന് സമുദായ ശ്മശാനത്തിൽ.

സാവിത്രി

പഴയങ്ങാടി: ബസ്സ്റ്റാന്റിന് സമീപം സദാനന്ദ് ഭവനത്തിൽ സാവിത്രി സദാനന്ദൻ(77) നിര്യാതയായി. ഭർത്താവ്: ഒണ്ടേൻ പാമ്പൻ സദാനന്ദൻ. മക്കൾ: സുനിൽ (ഖത്തർ), സൂരജ് (കൊച്ചി), സുമൻ, സുവിൻ. മരുമക്കൾ: ഷീന, ജൂലിയറ്റ്, ഭുവനേശ്വരി, ഷൈനി. സംസ്കാരം നാളെ രാവിലെ 10മണിക്ക് എരിച്ചൂരം സമുദായ ശ്മശാനത്തിൽ.

ഭാസ്ക്കരൻ

ആലക്കോട്: തടിക്കടവ് കിളുക്കിയിലെ തോട്ടുപുറത്ത് ഭാസ്ക്കരൻ ആചാരി (87) നിര്യാതനായി. ഭാര്യ: പരേതയായ ഭവാനിയമ്മ. മക്കൾ: പുരുഷോത്തമൻ, രാധാമണി, ഉഷാമണി, ശോഭന. മരുമക്കൾ: ഉഷ, വിജയകുമാർ, പരേതനായ രാഘവൻ.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 294 RNI Reg.No.KER MAL/2007/22043